


# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

12 ഗോവ വിമോചനം—അഭിനന്ദനങ്ങൾ! . . . . . . 1
1 നവവത്സര സമ്മാനം . . . . . . . . . 2

# 12

# ഗോവ വിമോചനം—അഭിനന്ദനങ്ങൾ!

കഴിഞ്ഞ 14 കൊല്ലമായി യാതൊന്നിനു വേണ്ടിയാണോ ഇന്ത്യയിലെ ജനങ്ങൾ അക്ഷമരായി കാത്തിരുന്നത്, അതു സാധിച്ചിരിയ്ക്കുന്നു. നാലര നൂറ്റാണ്ടോളം കാലം പോർത്തുഗലിന്റെ ഒരു കോളണിയായിക്കിടന്ന ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങളിൽനിന്ന് പോർത്തുഗീസ് കൊടി നീക്കംചെയ്യപ്പെട്ടുകയും ഇന്ത്യയുടെ ദേശീയപതാക ഉയർത്തപ്പെട്ടുകയും ചെയ്തിരിക്കുന്നു.

വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും ഗോവയെ മോചിപ്പിയ്ക്കുമെന്ന് ഇക്കഴിഞ്ഞ പാർലിമെന്റുസമ്മേളനത്തിൽ വെച്ച് പ്രധാനമന്ത്രി നെഹ്റു പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തെ ആക്ഷേപിക്കാൻ മുതിർന്നവരുന്നുണ്ട്. ഗോവയുടെ നേർക്കല്ല, ചൈനയുടെ നേർക്കാണ് ബലം പ്രയോഗിയ്ക്കേണ്ടത് എന്നായിരുന്നു സ്വതന്ത്രപാർട്ടി നേതാവ് മസാനിയുടെ വാദം. ഗോവയെ മോചിപ്പിക്കാൻ വേണ്ടിയുള്ള സമരം യഥാർത്ഥപ്രശ്നങ്ങളിൽനിന്നൊഴിഞ്ഞുമാറലാണെന്നും അതു കമ്യൂണിസ്റ്റുകാരെ മാത്രമേ സഹായിക്കുകയുള്ളുവെന്നും സ്വതന്ത്രപ്പാർട്ടിനേതാക്കന്മാർ ഉറപ്പിച്ചു പറഞ്ഞു. ഗോവാപ്രശ്നം ഊതിവീർപ്പിക്കുന്നത് ഒരു തിരഞ്ഞെടുപ്പുസ്റ്റണ്ടാണെന്നുവരെ അവർ പറഞ്ഞുനോക്കി. പക്ഷേ, പ്രധാനമന്ത്രി നെഹ്റു അത്തരക്കാരെ നിരാശരാക്കിക്കളഞ്ഞു. പോർത്തുഗീസ്സ്വേച്ഛാധിപതികൾ ഗോവയിലെ ജനങ്ങൾക്കെതിരായ മർദ്ദന നടപടികൾക്ക് ഊക്കുകൂട്ടുകയും നെറികെട്ട ആക്രമണങ്ങൾ അഴിച്ചുവിടുകയും ഇനി ക്ഷമിച്ചിരിക്കുന്നത് അക്ഷന്തവ്യമാണെന്നു ഇന്ത്യയിലെ ജനങ്ങൾ മുറവിളികൂട്ടുകയും ചെയ്തപ്പോൾ ഇന്ത്യാഗവൺമെന്റിന്നു കൈയും കെട്ടിയിരിക്കാൻ വയ്യാതായി. ഇന്ത്യയുടെ പട്ടാളം ഗോവയുടെ അതിർത്തിപ്രദേശങ്ങളിലേയ്ക്കു മാർച്ചു ചെയ്തു.

അപ്പോഴേയ്ക്കുമതാ, കുറേ അഹിംസക്കാർ വന്നിരിക്കുന്നു. ഇന്ത്യ ഗോവയുടെ നേർക്കു ഹിംസയുപയോഗിക്കാൻ പാടില്ലെന്ന് ശ്രീ.കെ.എം. മുൻഷി എതാനും ആഴ്ചകൾക്കുമുമ്പ് ഉൽബോധിപ്പിച്ചതിനെപ്പറ്റി ഈ പംക്തികളിൽത്തന്നെ പരാമർശിച്ചിരുന്നുവല്ലോ. മുൻഷിയുടെ ചിന്താഗതികൾക്കു രൂപം നൽകുന്ന സാമ്രാജ്യമേധാവികൾതന്നെയാണ് ഇപ്പോൾ അഹിംസയുടെ കൊടിയുംപിടിച്ചുവന്നത്. കാട്ടുമൃഗങ്ങളാണ് സസ്യഭക്ഷണത്തിന്റെ നേട്ടങ്ങളെപ്പറ്റി പ്രസംഗിക്കുന്നത്. ഗോവാപ്രശ്നം പരിഹരിക്കുവാൻവേണ്ടി ഇന്ത്യ ബലം പ്രയോഗിച്ചാൽ അത് ലോകത്തെ ഞെട്ടിപ്പിക്കുകയും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യുമെന്ന് ബ്രിട്ടീഷ് കോമൺവെൽത്തു സിക്രട്ടറി ഡങ്കൻസാൻസ് പ്രസ്താവിച്ചു. അക്രമമുപയോഗിക്കരുതെന്ന് പോർത്തുഗലിനെയല്ല, ഇന്ത്യയെയാണ് ബ്രിട്ടീഷുസാമ്രാജ്യവാദികളുപദേശിച്ചത് എന്നതു അർത്ഥഗർഭമാണ്. ആരുടേയും ക്ഷണം കൂടാതെതന്നെ മാദ്ധ്യസ്ഥ്യം വഹിച്ച് സമാധാനം നിലനിർത്താനുള്ള ദൗത്യം സ്വയം ഏറ്റെടുത്തുകൊണ്ട് അവർ പ്രധാനമന്ത്രി നെഹ്റുവിനെ സമീപിച്ചു. ബ്രിട്ടന്റെ പിന്നാലെ അമേരിക്കയും വന്നു. കോംഗോവിൽ തങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന അടവുകൾ ഇന്ത്യയിലും വിലപ്പോവുമെന്നാണു അവരാശിച്ചത്. പക്ഷേ, വിലപ്പോയില്ല. മരണശ്വാസം വലിക്കുന്ന പോർത്തുഗീസ്സസാമ്രാജ്യവാദികളെ സഹായിക്കാൻവേണ്ടി അവർ കൊണ്ടുവന്ന ഉപദേശത്തെ അതർഹിക്കുന്ന അവജ്ഞയോടുകൂടിത്തന്നെ ഇന്ത്യ തള്ളിക്കളഞ്ഞു.

അവസാനനിമിഷംവരെ ഗോവാപ്രശ്നം സമാധാനപരമായി പരിഹരിക്കാനാണ് ഇന്ത്യ ശ്രമിച്ചത്. പക്ഷേ, പോർത്തുഗീസ്സ് സ്വേച്ഛാധിപതികൾക്ക് സമാധാനത്തിന്റെ ഭാഷയറിയില്ല. കൂടിയാലോചനകളിലൂടെ കൊളോണിയലിസമുപേക്ഷിക്കാനല്ല, ഭീഷണികൾ തുടരാനും പുതിയ പ്രകോപനനടപടികൾ നടത്താനുമാണ് അവർ ഒരുമ്പെട്ടത്. ഇന്ത്യ അക്രമത്തിന്നൊരുങ്ങിയിരിക്കുകയാണെന്നും എന്തുതന്നെ വന്നാലും ഗോവയിൽനിന്നു കെട്ടുകെട്ടിപ്പോകാൻ തങ്ങൾ തയ്യാറാവുകയില്ലെന്നും, പോർത്തുഗീസ്സകോളണികൾ പോർത്തുഗലിന്റെ അവിഭാജ്യഭാഗങ്ങളാണെന്നും അവർ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചു.

ഒടുവിൽ നടക്കേണ്ടതു നടന്നു. പോർത്തുഗലിന്റെ ഭീഷണികൾ വെറും ഓലപ്പാമ്പുകളാണെന്നു തെളിഞ്ഞു. ഇന്ത്യയൊന്നു കണ്ണുരുട്ടിയപ്പോഴേയ്ക്കും പോർത്തുഗീസ്സ ഭരണാധികാരികളിൽ പലരും തടിയുംതപ്പി സ്വന്തം മാളത്തിലേയ്ക്കോടിപ്പോയി. പോകുന്നതിന്നുമുമ്പ് പല കെട്ടിടങ്ങളും മൈനിട്ടു തകർക്കാൻ അവർക്കു പരിപാടിയുണ്ടായിരുന്നു. പക്ഷേ, അതിനൊന്നും സമയം കിട്ടിയില്ല. അത്രയും സമർത്ഥമായിട്ടാണ് നമ്മുടെ പട്ടാളക്കാർ പ്രവർത്തിച്ചത്. പറയത്തക്ക യാതൊരക്രമവും കൂടാതെതന്നെ പോർത്തുഗലിനെ അടിയറ വെപ്പിക്കാൻ അവർക്കു സാധിച്ചു. അങ്ങിനെ ഗോവയിലെ ജനങ്ങൾ വിമോചിതരായി.

പ്രധാനമന്ത്രി നെഹ്റുവിനേയും രാജ്യരക്ഷാമന്ത്രി കൃഷ്ണമേനോനേയും പട്ടാളനടപടികൾക്കു നേരിട്ടു നേതൃത്വം നൽകിയ ശ്രീ. കാണ്ടത്തിനേയും നമുക്കഭിനന്ദിക്കുക!

## 1 നവവത്സര സമ്മാനം

ഗോവയെ മോചിപ്പിക്കാൻ ഇന്ത്യയെടുത്ത ധീരമായ നടപടിക്കെതിരായി തങ്ങൾ കൈക്കൊണ്ട നീതീകരിക്കാനാവാത്ത നിലപാടുകളും വൃത്തികെട്ട പ്രചാരവേലകളും കുറച്ചു കവിഞ്ഞുപോയി എന്നും, ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വിടവ് പൂർവ്വാധികം വർദ്ധിപ്പിക്കാൻ മാത്രമേ അതു സഹായിച്ചിട്ടുള്ളു എന്നും അമേരിക്കൻ സാമ്രാജ്യവാദികൾക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. ഗോവാക്കാര്യത്തിലുണ്ടായ വിടവ് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണെന്നും, രണ്ടു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാലബന്ധങ്ങളാണ് കൂടുതൽ പ്രധാനമെന്നും യു.എസ്. അംബാസിഡർ ഗാൽബ്രേത്ത് പ്രസ്താവിച്ചിരിക്കുന്നു. ഇന്ത്യയുടെ സാമ്പത്തികവികസനത്തിനുള്ള അമേരിക്കൻ സഹായം തുടരുമെന്ന് പ്രസിഡണ്ട് കെന്നഡി പ്രസ്താവിച്ചിട്ടുണ്ടത്രേ.

നേരിട്ടുള്ള എതിർപ്പുകൾ നിഷ്ഫലങ്ങളായതിനെത്തുടർന്ന് പരോക്ഷമായ അടവുകൾ സ്വീകരിക്കാൻ സാമ്രാജ്യവാദികൾ നിർബ്ബദ്ധരായിരിക്കുന്നുവെന്നാണിതു കാണിക്കുന്നത്. പദ്ധതികളുടെ വിജയത്തിന്ന് ഗണ്യമായ വിദേശസഹായങ്ങൾ ഇന്ത്യക്കാവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തികസഹായങ്ങൾ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കുള്ള ഉപകരണമാവാൻ പാടില്ലെന്നേയുള്ളു. പക്ഷേ, അമേരിക്കയുടെ മനസ്സിൽ മറ്റു ചിലതാണുള്ളത്. ബോക്കാറോ ഉരുക്കു ഫാക്ടറിക്കു നൽകാമെന്നേറ്റ സഹായം അവധി കഴിഞ്ഞിട്ടും നീട്ടിനീട്ടിക്കൊണ്ടു പോകുന്നത് വെറുതെയല്ലെന്നു വ്യക്തമാണ്. ഇന്ത്യയുടെ സമാധാനപരമായ വിദേശനയത്തിന്ന് ഉലച്ചിൽ തട്ടിക്കാനും, പൊതുവിഭാഗത്തിലുള്ള വ്യവസായങ്ങളുടെ വളർച്ചയെ മന്ദീഭവിപ്പിക്കാനും വേണ്ടിയാണ് അവരിപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിന്നുവേണ്ടിത്തന്നെയാണ് ഇന്ത്യയിലെ ചില കുത്തകമുതലാളികളേയും വലതുപക്ഷപിന്തിരിപ്പന്മാരേയും അവർ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നത്. അമേരിക്കയുടെ ഗോവാനയത്തെ ന്യായീകരിച്ചുകൊണ്ടുള്ള ചില വിസ്തരിച്ച പ്രസ്താവനകൾ ഇന്ത്യയിലെ ചില കുത്തകമുതലാളിപ്പത്രങ്ങൾ പ്രസിദ്ധം ചെയ്തുവെന്നത് അർത്ഥഗർഭമാണ്.

പക്ഷേ, ഗോവയുടെ വിമോചനം ഇന്ത്യക്കാരുടെ കണ്ണു തുറക്കാൻ പര്യാപ്തമായിട്ടുണ്ട്. ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയാൻ കഴിഞ്ഞതുകൊണ്ട് അവർ കൂടുതൽ ജാഗരൂകരായിരിക്കുമെന്നു തീർച്ചയാണ്. അതുകൊണ്ട് ഇന്ത്യക്കെതിരായ ശക്തികളെ പ്രോത്സാഹിപ്പിക്കുകയും, അതേ സമയത്ത് ഇന്ത്യയുമായി ചങ്ങാതിത്തം ഭാവിക്കുകയും ചെയ്യുക എന്ന അമേരിക്കയുടെ ഇരട്ടനയം ദേശാഭിമാനികളായ ഇന്ത്യക്കാരുടെയിടയിൽ വിലപ്പോവുകയില്ല.

ഗോവയെ മോചിപ്പിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ പൂർണ്ണമാക്കിയതോടെയാണ് 1961 അവസാനിച്ചത്. പുതിയ വർഷം ആരംഭിക്കുന്നതോ മറ്റൊരു വമ്പിച്ച നേട്ടത്തോടുകൂടിയാണ്. പൊതുവിഭാഗത്തിലെ എണ്ണവ്യവസായത്തിന്റെ ചരിത്രത്തിലെ അതിപ്രധാനമായ ഒരു ദിവസമായിരുന്നു ജനുവരി 1-ാം തീയതി. അന്നാണ് ആസ്സാമിലെ നൂന്മതീയിൽ വെച്ചു ഇന്ത്യയുടെ ആദ്യത്തെ എണ്ണശുദ്ധീകരണശാല പ്രധാനമന്ത്രി നെഹ്റു ഉൽഘാടനം ചെയ്തത്. റുമേനിയയുടെ സഹായത്തോടെ 18 കോടിക. ചെലവു ചെയ്തു സ്ഥാപിച്ച ഈ എണ്ണശുദ്ധീകരണ ശാല മുറയ്ക്കു പ്രവർത്തിക്കുകയാണെങ്കിൽ പ്രതിവർഷം മോട്ടോർഗാസോലിൻ ഹൈസ്പീസ് ഓയിൽ, ലൈറ്റ്ഡീസൽ ഓയിൽ, മണ്ണെണ്ണ, ഫർനസ്ഓയിൽ എന്നിവയടക്കം ഏഴരലക്ഷം ടൻ പെട്രോളിയം ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയും. മാത്രമല്ല, ക്രമത്തിൽ ഇപ്പോഴത്തെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കഴിയും.

വിദേശക്കുത്തകകളുടെ എണ്ണശുദ്ധീകരണശാലകൾ മാത്രമേ ഇതുവരെ നമുക്കുണ്ടായിരുന്നുള്ളു. ഇന്ത്യയുടെ സാമ്പത്തിക വികസനത്തെ തടഞ്ഞു നിർത്താനാണ് അവർ തങ്ങളുടെ ശക്തിയുപയോഗിച്ചത്. പൊതുവിഭാഗത്തിൽ സ്വതന്ത്രമായ ഒരു എണ്ണവ്യവസായം സ്ഥാപിക്കാതെ വ്യവസായവൽക്കരണത്തിന്റെ അടിത്തറയുറപ്പിയ്ക്കാൻ കഴിയില്ലെന്നു സ്വന്തം അനുഭവങ്ങളിലൂടെ നമുക്കു ബോധ്യമായിട്ടുണ്ട്. ഈ ദൗർബ്ബല്യം പരിഹരിക്കാനുള്ള ആദ്യത്തെ കാൽവെപ്പാണ് ആസ്സാമിലെ എണ്ണശുദ്ധീകരണശാല. ഇതിനെത്തുടർന്നു ഇനിയും ചില ശുദ്ധീകരണശാലകൾ സ്ഥാപിയ്ക്കാനുള്ള പരിപാടികൾ പൂർത്തിയായിട്ടുണ്ട്.

പക്ഷേ, വിദേശക്കുത്തകകൾ കൈയുംകെട്ടി വെറുതെയിരിക്കുകയില്ലെന്ന് ഓർക്കേണ്ടതുണ്ട്. എണ്ണവിഭവങ്ങളുടെ രംഗത്തിൽ അവർ നടത്തിപ്പോന്ന സമരം അവസാനിച്ചുവെന്നു പറയാറായിട്ടില്ല. മറ്റു രംഗങ്ങളിലെ വിദേശമൂലധന ഇറക്കുമതികൾ അവർക്കൊരു താങ്ങാണ്. വിദേശക്കുത്തകകളുടെ ഗൂഢാലോചനകളെ അവർ അപ്പപ്പോൾ മനസ്സിലാക്കാനും അവയ്ക്കെതിരായ ഉറച്ചനടപടികളെടുക്കാനും കഴിഞ്ഞില്ലെങ്കിൽ പല കുഴപ്പങ്ങളും സംഭവിച്ചേയ്ക്കും.

6. 1. 1962

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യുട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014